## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5502** 01.07.2019-ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പല സഹകരണ ബാങ്കുകളിലും സാമ്പത്തിക ക്രമക്കേട് നടക്കുന്നതായും അതുമൂലം സഹകാരികൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നതുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പല സഹകരണ ബാങ്കുകളിലും സാമ്പത്തിക ക്രമക്കേട് നടക്കുന്നതായും അതുമൂലം സഹകാരികൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നതുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ ബാങ്കുകളിലാണ് ഇത്തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയത്; എത്ര കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 95 സഹകരണ ബാങ്കുകളിലായി 274.14/- കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയിട്ടുള്ളത്. |
| (സി) | ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; ഇല്ലെങ്കിൽ അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. |
| (ഡി) | ഇത്തരം സാഹചര്യങ്ങളിൽ സഹകാരികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും അവരുടെ നിക്ഷേപം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? | (ഡി) | 07/07/1992-ലെ സ.ഉ.(കൈ) 59/92/സഹ നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കിയിട്ടുള്ളതും ടി സ്കീം പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും സഹകരണ നിയമം വകുപ്പ് 57 (ബി) പ്രകാരം ടി സ്കീമിൽ അംഗത്വം എടുക്കുന്നത് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ സാമ്പത്തിക ക്രമക്കേടുകൾ ഫലപ്രദമായി തടയുന്നതിന് ജില്ലാതലത്തിലും താലൂക്ക് തലത്തിലും ഓഡിറ്റും ഇൻസ്പെക്ഷനും |

| | | | |
|---|---|---|---|
| | | | ക്രമക്കേടുകളിന്മേൽ വകുപ്പുതല അന്വേഷണങ്ങളും നടത്തി വരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളെ സംബന്ധിക്കുന്ന പരാതികളിൽ ഫലപ്രദമായ പരിശോധനകൾ നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**